"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം നടപ്പാക്കുന്നതിനും, തുക വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.14/2026/F&P തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:-

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ 08.07.2024, 08.05.2025, 27.10.2025, 11.11.2025, 05.01.2026 തീയതികളിലെ കെ.എഫ്.ഡബ്ല്യു.എഫ്.ബി/217/2024 - ബി നമ്പർ കത്തുകൾ.
2. 27.08.2025 ലെ സ.ഉ (സാധാ) നം. 6966/2025/ധന നമ്പർ ഉത്തരവ്.
3. 27.12.2025-ന് ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ വിരമിക്കുമ്പോൾ പെൻഷൻ ഒഴികെയുള്ള പദ്ധതി ആനുകൂല്യങ്ങൾക്ക് അർഹതയില്ലാതാകുന്നതിനാൽ അംഗങ്ങൾ അംശാദായമായി അടച്ച തുക അവർ വിരമിക്കുന്ന മുറക്ക് ആശ്വാസ ധനസഹായമായി തിരികെ നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു.

2) 30.11.2025 വരെ ലഭിച്ച അപേക്ഷകൾ പ്രകാരം 67,440 പേർ വിരമിക്കൽ ആനുകൂല്യത്തിന് അപേക്ഷിക്കുകയും ഇവർ ആകെ 15.85 കോടി രൂപ അംശദായമായി അടച്ചിട്ടുണ്ടെന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. വിരമിക്കൽ ആനുകൂല്യമായി നൽകേണ്ട മൊത്തം തുക 18.94 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പരാമർശം (2) പ്രകാരം രണ്ട് കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 27.12.2025-ന് ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം നടപ്പാക്കുന്ന പദ്ധതി നടപ്പാക്കുന്നതിനും, തുക വിനിയോഗിക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് മത്സ്യബോർഡ് കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി

ബോർഡിലെ അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം നടപ്പാക്കുന്നതിനും, തുക വിനിയോഗിക്കുന്നതിനും താഴെ പറയും പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

1. 2500/- രൂപ വരെ അംശദായമായി അടച്ച എല്ലാ അപേക്ഷകർക്കും 2500/- രൂപ വിരമിക്കൽ ആനുകൂല്യമായി നൽകുന്നതിനുള്ള അനുമതി.

2. 2500/- രൂപയിൽ കൂടുതൽ അംശദായമായി അടച്ചിട്ടുള്ള എല്ലാ അപേക്ഷകർക്കും 2500/- രൂപക്ക് പുറമെ അവർ അധികമായി അടച്ച തുകയുടെ 5% പലിശയും ചേർത്തുള്ള തുക വിരമിക്കൽ ആനുകൂല്യമായി നൽകുന്നതിനുള്ള അനുമതി.

3. സർക്കാർ അനുവദിച്ച 2 കോടി രൂപക്ക് പുറമെ അധികം ആവശ്യമായ തുക ആം ആദ്മി ബീമാ യോജന പദ്ധതിക്കായി മത്സ്യബോർഡിന് ലഭിച്ചതിൽ ബാക്കിയുള്ള 5.05 കോടി രൂപയും ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് ബോർഡിൽ നിന്നും മുൻകൂറായി ഇൻഷുറൻസ് തുക അനുവദിച്ചയിനത്തിൽ ഇൻഷുറൻസ് കമ്പനിയിൽ നിന്ന് ബോർഡിന് തിരികെ ലഭിച്ച 1.25 കോടി രൂപയും ഇനി ലഭിക്കാനുള്ള 4.1 കോടി രൂപയും ചേർന്ന 10.4 കോടി രൂപ വിരമിക്കൽ ആനുകൂല്യം പദ്ധതിക്കായി വിനിയോഗിക്കുന്നതിനുള്ള അനുമതി.

4. മേൽ പറഞ്ഞ സ്രോതസുകളിൽ നിന്നും ലഭ്യമായ തുകക്ക് പുറമെ വേണ്ടിവരുന്ന തുക മത്സ്യബോർഡിന്റെ കൈവശമുള്ള കരുതൽ ധനം/സ്ഥിര നിക്ഷേപത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അബ്ദുൾ നാസർ ബി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.

ഡെപ്യൂട്ടി ഡയറക്ടർ 11, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,

തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.സി3/148/2024/മതുവ).

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 07-01-2026 14:58:43

സെക്ഷൻ ഓഫീസർ